ഉത്തരം

ഇതുസംബന്ധിച്ച ഭൂമി കൈമാറ്റ ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല. കോഴിക്കോട് ജില്ലാ കളക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തരം ഭൂമി കൈമാറ്റ ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി

152 (1195) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഭൂമി നൽകി ; വിശദാംശം നൽകുമോ ;

(സി) നിലവിൽ എസ് സി./എസ് റ്റി. വിഭാഗങ്ങളിൽ ഭൂരഹിതരായി എത്ര പേരുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നല്കുമോ ;

(ഡി) സർക്കാരിന്റെ കൈവശം നിലവിൽ മിച്ചഭൂമിയിനത്തിൽ എത്ര ഭൂമിയുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കാവന്നൂർ മൃഗാശുപത്രിക്ക് സർക്കാർ ഭൂമി

153 (1196) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറനാട് മണ്ഡലത്തിലെ, കാവന്നൂർ മൃഗാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് റവന്യൂ ഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് റവന്യൂ 37784/L3/14/R.D. നമ്പർ ഫയലിൽ അന്തിമ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly